ശ്രീ. കെ. ശിവദാസൻ: ഇങ്ങനെ വരുമ്പോഴും യൂണിയൻ ഉണ്ടാകുകയും തർക്കം ഉണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെ തർക്കം വരുമ്പോഴും പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ ഇടപെടുകയും നിങ്ങളും ഇത് കൊടുക്കേണ്ടതാണെന്ന് എൻഫോഴ്സ് ചെയ്യുകയും ചെയ്യുന്നുണ്ട്. അതാണ് ഇന്നത്തെ നിയമമനുസരിച്ച് നമുക്ക് ചെയ്യാവുന്നത്.

ശ്രീ. കെ.കെ. തോമസ്: തോട്ടങ്ങളും ഇപ്പോഴും തുണ്ടുതുണ്ടുകളാക്കിക്കൊണ്ടിരിക്കുകയാണ്. തുണ്ടുതുണ്ടാക്കിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് പ്ലാന്റേഷൻ ലേബർ ആക്ടിന്റെ ആനുകൂല്യങ്ങളും ലഭിക്കാറില്ല. തുണ്ടുതുണ്ടാക്കുന്ന തോട്ടങ്ങളുടെ ഉടമ ചെറുകിട കൃഷിക്കാരായി മാറുകയാണ്. ഇത് ഗുരുതരമായ ഭവിഷ്യത്തായിത്തീരും. പത്തുവർഷത്തിനകം ഇന്നുള്ള നമ്മുടെ തോട്ടങ്ങളുടെ 50 ശതമാനമെങ്കിലും, തുണ്ടുതുണ്ടായി മാറപ്പെടും. ഇതുസംബന്ധിച്ച് ഒരു കമ്മീഷനെവച്ച് അന്വേഷിച്ച് അടിയന്തിര നിയമനിർമ്മാണം നടത്തി ഇത് നിരോധിക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. കെ. ശിവദാസൻ: അതിനു ഞാൻ ഉത്തരം പറഞ്ഞുകഴിഞ്ഞതാണ്. ഇത്തരമൊരു പെറ്റീഷനുമേൽ ഓർഡർ കൊടുത്തത് .വേണമെങ്കിൽ ഞാൻ വായിച്ചു കേൾപ്പിക്കാം. Taking into consideration of all these aspects, I am of opinion that the Karadippara and Manali Estates are plantations, and the managements are bound to comply with the provisions of the Plantation Labour Act, and rules made thereunder. As regards the Gallasy Estate, the number of workers found employed in are 70. As such the Estate will also come under the purview of the Act. എന്നു പറഞ്ഞുകഴിഞ്ഞാൽ ഇങ്ങനെയൊരു ഓർഡർ കൊടുക്കും. ഓർഡർ കൊടുത്തുകഴിഞ്ഞാൽ ഇതെല്ലാം അവർക്ക് ലഭിക്കും.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

* 299 [440] ശ്രീ. കെ. ഭരതൻ:
,, കെ. മുസ്സക്കുട്ടി:
,, വി. കേശവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ചിട്ട് എത്ര നാളായി;

(ബി) സേവന-വേതന വ്യവസ്ഥ പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ): സർ,

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് നിലവിൽ വന്ന 21.7.1979-ലെ ദീർഘകാല കരാറിന്റെ കാലാവധി 20-7-1982-ൽ തീർന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

ശ്രീ. ഒ. ഭരതൻ: പഴയ എഗ്രിമെന്റിന്റെ കാലാവധി 20–7–1982–ൽ അവസാനിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഇപ്പോൾ 1986 ജൂലൈ അവസാനമാകുവാൻ പോകുകയാണ്. നമ്മുടെ രാജ്യത്തിലെ വ്യവസായ സ്ഥാപനങ്ങൾക്ക് മാതൃക കാണിക്കാൻ ബാദ്ധ്യതപ്പെട്ടിട്ടുള്ള ഒരു പൊതുമേഖലാ സ്ഥാപനം ഒരു എഗ്രിമെന്റിന്റെ കാലാവധി നാലുകൊല്ലം കഴിഞ്ഞിട്ട് പുതിയ എഗ്രിമെന്റുണ്ടാക്കാതിരിക്കുന്നത് ഈ ഗവൺമെന്റിന് ഭൂഷണമാണെന്ന് കരുതുന്നുണ്ടോ? പുതിയ എഗ്രിമെന്റ് വരുകയാണെങ്കിൽ 1982 ജൂലൈമാസംമുതൽ പൂർവ്വകാല പ്രാബല്യത്തോടുകൂടി പുതിയ എഗ്രിമെന്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാനാവശ്യമായിട്ടുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി.കെ. വേലായുധൻ: 20–7–1982–ൽ കരാറിന്റെ കാലാവധി തീർന്നതിനെത്തുടർന്ന് 15–9–1983–മുതൽ കരാർ പുതുക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ഇതിനോടകംതന്നെ റഫറണ്ടത്തിനുമുമ്പായി 27 തവണ 14 അംഗീകൃത യൂണിയനുകളുമായും റഫറണ്ടത്തിനുശേഷം കെ.എസ്.ആർ.ടി.സി. എംപ്ലോയീസ് അസോസിയേഷനുമായി 30 തവണയും. അങ്ങനെ മൊത്തം 57 തവണ ഈ കരാർ പുതുക്കുന്നതിനു വേണ്ടിയുള്ള ചർച്ചകൾ നടന്നിട്ടുണ്ട്. എത്രയും വേഗം കരാർ ഉണ്ടാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഒ. ഭരതൻ: ഏകപക്ഷീയമായി ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ മേൽ പുതിയ അദ്ധ്വാനഭാരം അടിച്ചേൽപ്പിക്കുകയാണ്. വളരെക്കാലം നീണ്ടു നിന്നിട്ടുള്ള പ്രക്ഷോഭണങ്ങളുടേയും കോടതികളിൽ നടന്നിട്ടുള്ള നീതിന്യായ സമരങ്ങളുടേയും ഫലമായിട്ട് നേടിയെടുത്തിട്ടുള്ള ലീവാനുകൂല്യങ്ങൾ ഏകപക്ഷീയമായി റദ്ദാക്കാൻ മാനേജ്മെന്റ് ശ്രമിക്കുന്നതിന്റെ ഫലമായിട്ടല്ലേ പുതിയ എഗ്രിമെന്റ് ഉണ്ടാക്കുന്നതിന് കാലതാമസം വരുന്നത്?

ശ്രീ. പി. കെ. വേലായുധൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു മുഴുവൻ ശരിയാണോയെന്ന് എനിക്ക് പറയാൻ വയ്യ. എഗ്രിമെന്റ് ധാരണയിലെത്താനിരിക്കേ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ പറയാമോ എന്ന് എനിക്ക് അറിയില്ല. ഏതായാലും കെ. എസ്. ആർ. ടി. സി. യിൽ ഉണ്ടായിട്ടുള്ള ആധുനിക സൗകര്യങ്ങളും മോഡേണൈസേഷനും റോഡുകളുടെ സർഫസുമൊക്കെ മെച്ചപ്പെടുത്തിയിട്ടുള്ള സ്ഥിതിക്ക് പല തലങ്ങളിലും—അഡ്മിനിസ്ട്രേറ്റീവ് വിംഗിലും ഓപ്പറേഷൻ വിംഗിലും മെക്കാനിക്കൽ വിംഗിലും—വർക്ക് നോംസ് പുനഃസംഘടിപ്പിക്കേണ്ടതാണെന്ന് മാനേജ്മെന്റിന് അഭിപ്രായമുണ്ട്. അതിനെക്കുറിച്ച് ചർച്ചകൾ തുടരുകയാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി: റഫറണ്ടത്തിന് മുൻപ് 27 പ്രാവശ്യവും അതിനുശേഷം 30 തവണയും അങ്ങനെ ആകെ 57 തവണ ദീർഘകാല കരാറിനെ സംബന്ധിച്ച് നടത്തിയിട്ടുള്ള സംഭാഷണത്തിൽ പ്രധാനമായും യൂണിയനുകളും മാനേജ്മെന്റും തമ്മിൽ നടത്തിയിട്ടുള്ള സംഭാഷണത്തിൽ ഒത്തുതീർപ്പിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ എന്താണ്? ഏറ്റവും ഒടുവിൽ മാനേജ്മെന്റ് ആ പ്രശ്നം പരിഹരിക്കാൻ അശാസ്ത്രീയമായ രീതിയിൽ കരാറുണ്ടാക്കുന്നതിന് എന്ത് നിർദ്ദേശങ്ങളാണ് മുന്നോട്ടുവച്ചിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: അവധി ദിവസങ്ങൾ ഏകീകരണം, സെക്കൻഡ് സാറ്റർഡേ നിലനിർത്തൽ, ഓഫീസർ തസ്തികകളിലേക്ക് നേരിട്ട് നിയമനം, യൂണിയൻ പ്രവർത്തനരീതിയിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന ചില ക്രമീകരണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ യൂണിയൻ വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിൽ യോജിച്ച തീരുമാനം കണ്ടെത്താനുള്ള ശ്രമങ്ങൾ തുടരുകയാണ്. ബാക്കി കാര്യങ്ങളിലെല്ലാം ധാരണയുണ്ടായിട്ടുണ്ട്.

ശ്രീ. കെ. മൂസ്സക്കുട്ടി: അശാസ്ത്രീയമായി കളക്ഷൻ ബാറ്റൊ നിശ്ചയിച്ചതുപോലെ അശാസ്ത്രീയമായ ചില നടപടികളും നിർദ്ദേശങ്ങളും മാനേജ്മെന്റിന്റെ ഭാഗത്തുനിന്ന് വരുന്നതിന്റെ ഫലമായിട്ടല്ലേ ഒത്തുതീർപ്പ് വീണ്ടും നീണ്ടുപോകുന്നത്? അവിടുത്തെ തൊഴിലാളി സംഘടനകളെ അവഹേളിക്കത്തക്കവിധത്തിൽ മാനേജ്മെന്റ് എടുക്കുന്ന നിലപാടിന്റെ ഭാഗമായിട്ടല്ലേ ഇത് ഒത്തുതീർപ്പിലാകാത്തത് എന്ന് ഞാൻ പറഞ്ഞാൽ അതിൽ വല്ല ശരിയും ഉണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: അത് അദ്ദേഹത്തിന്റെ അഭിപ്രായമാണ്. യൂണിയനുകളുടെ പ്രവർത്തന രീതിയിൽ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് മാനേജ്മെന്റ് ആഗ്രഹിക്കുന്നുണ്ട്. നിയമവിരുദ്ധസമരം, മിന്നൽപണിമുടക്ക് തുടങ്ങിയതിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകുന്ന ഡൈസ്നോൺ, ഗവൺമെന്റ് ഉദ്യോഗസ്ഥൻമാർ നടത്തുന്ന സമരങ്ങളിൽ സ്വീകരിക്കുന്ന നടപടിതന്നെയാണ്. ചീഫ് ഓഫീസുകളിലും യൂണിറ്റ് ഓഫീസുകളിലും അകത്തുകയറി ധർണ നടത്തുന്നതും മുദ്രാവാക്യം വിളിക്കുന്നതും അസാദ്ധ്യമാണെന്ന നിലപാട് മാനേജ്മെന്റ് സ്വീകരിച്ചിട്ടുണ്ട്. യൂണിയനുകളിൽ സി. ഐ. ടി. യു. മാത്രമേ യോജിക്കാതുള്ളൂ. അത്തരം കാര്യങ്ങളിലൊന്നും യോജിപ്പിലെത്താൻ കഴിഞ്ഞിട്ടില്ല.

ശ്രീ. വി. കേശവൻ: 57 പ്രാവശ്യം ചർച്ച നടത്തിയിട്ടും സേവന-വേതന വ്യവസ്ഥകൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. അത് ഉടനെ നടക്കുമെന്ന് മന്ത്രി പറഞ്ഞു. തൊഴിലാളികളുടെമേൽ അദ്ധ്വാനഭാരം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ മൂന്നുവർഷമായി അവർക്ക് വേരിയബിൾ ഡി.എ. കൊടുക്കുന്നില്ല. രണ്ടുവർഷമായി യൂണിഫോം കൊടുക്കുന്നില്ല. പ്രമോഷൻ തസ്തികകളിൽ നേരിട്ട് നിയമനം നടത്തുന്നു. ഇങ്ങനെ അവരുടെമേൽ അദ്ധ്വാനഭാരം വർദ്ധിപ്പിക്കുകയും അവകാശങ്ങൾ നിഷേധിച്ചുകൊണ്ടു പോകുകയും സേവനവ്യവസ്ഥകൾ പരിഷ്കരിക്കാനുള്ള ചർച്ച നീട്ടിക്കൊണ്ട് പോകുകയും ചെയ്യുന്നത് തൊഴിലാളിവിരോധപരമായ നടപടിയല്ലേ, എത്രയും വേഗം അതിന്റെ തീരുമാനം എടുക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: തൊഴിലാളി വിരുദ്ധ നിലപാട് ഗവൺമെന്റിനോ മാനേജ്മെന്റിനോ ഇല്ല. നേരത്തെ സൂചിപ്പിച്ചതുപോലുള്ള ചില കാര്യങ്ങളിൽ കൂടി ധാരണയിൽ എത്തിയാൽ എഗ്രിമെന്റ് ഉണ്ടാക്കാൻ കഴിയും. ഈ ചർച്ചകളിൽ യൂണിയനെടുത്ത ഒരു നിലപാട് തൊഴിലാളികളെ സംബന്ധിച്ച് ഏതെല്ലാം കാര്യങ്ങളിൽ തൊഴിലാളികൾക്ക് മാത്രം പ്രയോജനം കിട്ടുമോ അത്തരം കാര്യങ്ങളിൽ ധാരണയിലെത്തുകയും മാനേജ്മെന്റ് ഈ സ്ഥാപനത്തിന്റെ നിലനിൽപ്പിന് ആവശ്യമായ സാമ്പത്തിക അച്ചടക്കമുൾപ്പെടെയുള്ള കാര്യങ്ങളിൽ വ്യത്യസ്തമായ നിലപാട് സ്വീകരിക്കുകയും ചെയ്യുന്നു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടാണ് ധാരണയിലെത്താൻ കഴിയാതെ വരുന്നത്. കരാറിനെ സംബന്ധിച്ച് മുന്നോട്ടുവച്ചിട്ടുള്ള വിഷയങ്ങൾക്ക് ഒരു പാക്കേജ് ഡീൽ എന്ന നിലയിൽ ഉള്ള സമീപനമുണ്ടാകണം. ഒറ്റക്കൊറ്റക്ക് എടുത്താൽ പ്രയോജനം കിട്ടുമെന്നുള്ള ധാരണയിൽ എത്തുകയല്ല, ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ആവശ്യം പാക്കേജ് ഡീലാണ്. അതാണ് ഈ കരാറിൽ ഉണ്ടാകേണ്ടത്.

ശ്രീ. വി. കേശവൻ: ചർച്ച സ്തംഭിച്ചിരിക്കുന്നത് ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിയും കെ.എസ്.ആർ.ടി.സി. യുടെ മാനേജിംഗ് ഡയറക്ടറും തമ്മിൽ കടുത്ത ശീതസമരത്തിലായതുകൊണ്ടാണെന്ന് അറിയുന്നു. മന്ത്രി നൽകുന്ന ഉത്തരവുകൾ മാനേജിംഗ് ഡയറക്ടർ അനുസരിക്കുന്നില്ലായെന്നു കേട്ടു. ഇന്നത്തെ അജണ്ടയിൽ മന്ത്രി ഒരു പ്രസ്താവന നടത്തുന്നതായി കണ്ടു. ഇതുകൊണ്ടല്ലേ ചർച്ച നീണ്ടുപോകുന്നത്. അതിന്റെ സ്ഥിതിയെന്താണ്?

ശ്രീ. പി. കെ. വേലായുധൻ: അതൊക്കെ മെമ്പറുടെ ധാരണയാണ്.

ശ്രീ. എ.സി. ജോസ്: ഞാൻ ഈ വിഷയം ഒരു സബ്മിഷൻ മുഖാന്തിരം ഉന്നയിക്കാനിരുന്നതാണ്. ചോദ്യം വന്നതുകൊണ്ട് വേണ്ട എന്നുവച്ചു. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. 1979—ൽ ശമ്പളപരിഷ്കരണം നടന്നതാണ്. 1979—നു ശേഷം 7 വർഷം കഴിഞ്ഞു. കേരളത്തിൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ അടക്കം പുതിയ ശമ്പളപരിഷ്കരണം നടത്തി. തെറ്റിദ്ധാരണാജനകമായ രീതിയിലാണ് ട്രാൻസ്പോർട്ടിലെ ജീവനക്കാരെ സംബന്ധിച്ച് പുറത്തുള്ളത്. 1979—നു ശേഷം ഒരണയുടെ ബെനിഫിറ്റുപോലും ഇന്നുവരെ അവർക്ക് കിട്ടിയിട്ടില്ല. ജീവിത നിലവാരസൂചിക വളരെ കൂടുതൽ വർദ്ധിക്കുകയും ശമ്പളം തുച്ഛമായിരിക്കുകയും ചെയ്യുന്ന നിലയ്ക്ക് ഒരു യൂണിയൻ ചർച്ചചെയ്യാൻ തയ്യാറാകാത്തതുകൊണ്ട് സ്തംഭനത്തിലെത്തിയിരിക്കുകയാണ്. ഒരു യൂണിയനോട് മാത്രമായി ചർച്ച നടത്തി രമ്യതയിൽ എത്തിക്കാൻ കഴിയാത്ത നിലയ്ക്ക് അടിയന്തിരമായി ബന്ധപ്പെട്ട മറ്റ് യൂണിയനുകളെക്കൂടി വിളിച്ചുകൊണ്ട് തൊഴിലാളികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികളെക്കുറിച്ച് പുറത്ത് എന്ത് അഭിപ്രായമാണ് ഉള്ളത് എന്ന് എനിക്കറിയില്ല. കെ. എസ്. ആർ. ടി. സി. യിലെ തൊഴിലാളികളാണ് ആ സ്ഥാപനത്തിന്റെ നിലനിൽപ്പ്. എന്നുള്ള സമീപനമാണ് ഗവൺമെന്റിനുള്ളത്. തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനെ സംബന്ധിച്ച് എത്രയും പെട്ടെന്ന് തീരുമാനമുണ്ടാക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. 27 ശതമാനം മാത്രം പ്രാതിനിധ്യമുള്ള ഒരു യൂണിയനുമായി ചർച്ച നടത്തി ഒരു എഗ്രിമെന്റ് ഉണ്ടാക്കുന്ന അവസരത്തിൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പോലുള്ള നിയമങ്ങൾ എങ്ങനെകണ്ട് ഇതിനെ റിയലൈസ് ചെയ്യുമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. അതുകൊണ്ട് ചർച്ചകളെ സംബന്ധിച്ച് അന്തിമമായ തീരുമാനം യൂണിയനുകളും മാനേജ്മെന്റും എടുക്കട്ടെ, അതിനുശേഷം ഗവൺമെന്റ് ഇടപെടാം. ലീഗലായിട്ടുള്ള കാര്യങ്ങൾ ഉൾപ്പെടെ ചെയ്യാം. സുപ്രീം കോടതിയിലുണ്ടായ ഒരു വിധിയെത്തുടർന്നാണ് അങ്ങനെയുള്ള കാര്യ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് എന്തുചെയ്യാൻ കഴിയുമെന്നുള്ളത് ഗവൺമെൻറ് തീർച്ചയായും ആലോചിക്കുന്നതാണ്. അതിൻറെ മുന്നോടിയായി ലേബർ സെക്രട്ടറിയും നിയമവകുപ്പ് സെക്രട്ടറിയും ട്രാൻസ്പോർട്ട് സെക്രട്ടറിയും ചീഫ് സെക്രട്ടറിയും ഞാനും മുഖ്യമന്ത്രിയുംപ്പെടെ പങ്കെടുത്ത ഒരു കോൺഫറൻസ് ഇതിനോടകം നടന്നുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ: ഭൂരിപക്ഷം തൊഴിലാളികളും ഇന്ന് അംഗീകൃത യൂണിയൻറെ പുറത്താണെന്നുള്ളതുകൊണ്ട്—എല്ലാ തൊഴിലാളികൾക്കും ഇൻഡസ്ട്രിയൽ ലേബർ ഡിസ്പ്യൂട്ട് ആക്ട് അനുസരിച്ച് കൺസിലിയേഷൻ കോൺഫറൻസിൽ പങ്കെടുക്കാൻ അവകാശമുള്ളതുകൊണ്ട്—എല്ലാ രജിസ്ട്രേർഡ് യൂണിയനുകളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കൺസീലിയേഷൻ കോൺഫറൻസ് ഉണ്ടാക്കുമെന്ന് തൊഴിൽ വകുപ്പുമന്ത്രി കഴിഞ്ഞ സമ്മേളനത്തിൽ ഉറപ്പ് പറഞ്ഞിരുന്നതാണ്. 39 തവണ കൂടിയിട്ടും ഒരു എഗ്രിമെൻറ് ഉണ്ടായിട്ടില്ല. ആ സാഹചര്യത്തിൽ എല്ലാ യൂണിയനുകളേയും പങ്കെടുപ്പിച്ചുകൊണ്ട് ലേബർ ഡിപ്പാർട്ടുമെൻറ് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി എഗ്രിമെൻറിൽ എത്തിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: കഴിഞ്ഞവർഷം ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ അങ്ങനെ ഒരുകാര്യം ഈ സഭയിൽ പറഞ്ഞത് ശരിയാണ്. സുപ്രീംകോടതിയുടെ ഡയറക്ഷൻ അനുസരിച്ച് അംഗീകരിച്ച യൂണിയനുകളും മാനേജ്മെൻറും തമ്മിൽ കരാറുകളെക്കുറിച്ച് ചർച്ച ചെയ്ത് അന്തിമഘട്ടത്തിൽ എത്താത്തപ്പോൾ അതിൽ ഇടപെടാൻ സാധിക്കുമോ എന്ന് അറിയില്ല. തീർച്ചയായും, അത് പരിശോധിക്കുന്നതാണ്.

ശ്രീ. എം. എം. ഹസ്സൻ: ഈ റഫറണ്ടത്തിൻറെ അടിസ്ഥാനത്തിൽ 27 ശതമാനത്തിന് താഴെവരുന്ന തൊഴിലാളികളുടെ പിൻതുണയുള്ള യൂണിയനുകളുമായി കരാർ ഉണ്ടാക്കുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സമുള്ളതായി ഗവൺമെൻറിന് തോന്നിയിട്ടുണ്ടോ? ഇക്കാര്യം ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ പരിശോധിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: സുപ്രീം കോടതി വിധിയെത്തുടർന്ന് ഈ റഫറണ്ടം നടപ്പിലാക്കുകയും അതിനനുസരിച്ചു ഒരു യൂണിയന് അംഗീകാരം കൊടുക്കുകയും ആ യൂണിയനുമായി ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഏതായാലും 7 തൊഴിലാളികൾ ചേർന്ന് ഒരു യൂണിയനുണ്ടാക്കി ഇക്കാര്യം സംബന്ധിച്ചു ലേബർ കമ്മീഷണർ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടണമെന്നു നിർദ്ദേശിച്ചാൽ തീർച്ചയായും ലേബർ കമ്മീഷണർ അങ്ങനെയൊരു കോൺഫറൻസ് വിളിച്ചുകൂട്ടാൻ ബാദ്ധ്യസ്ഥനാണ്. ലേബർ കമ്മീഷണർ വിളിച്ചുകൂട്ടുന്ന കൺസീലിയേഷൻ കോൺഫറൻസ് ഒരു തീരുമാനത്തിലെത്തിയാൽ അതു ബൈൻഡിംഗുള്ളതാണ്. അതു തീർച്ചയായും സുപ്രീം കോടതി വിധിയുമായി ബന്ധപ്പെടുത്തി അവസാന ചർച്ചയെത്തുടർന്നുണ്ടാകുന്ന നിഗമനങ്ങളിൽ നേരത്തെ ബഹുമാനപ്പെട്ട ലേബർ മിനിസ്റ്റർ സൂചിപ്പിച്ചതുപോലെ ആവശ്യമെന്നുകണ്ടാൽ ഒരു സപ്പോർഡിനേറ്റ് ലെജിസ്ലേഷൻ കൊണ്ടുവരുന്ന കാര്യത്തെക്കുറിച്ചു ഗവൺമെൻറ് ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏറ്റവും കൂടുതൽ ആനുകൂല്യങ്ങളും ലഭിക്കുന്ന ഒരു വിഭാഗമാണ് ട്രാൻസ്പോർട്ട് തൊഴിലാളികളെന്ന ധാരണയാണ് പൊതുവേ നാട്ടിലുള്ളത്. ഇന്നലെ വൈകിട്ട് ഇലക്ട്രിസിറ്റി ബോർഡിലെ തൊഴിലാളി യൂണിയനുകളുമായി എഗ്രിമെൻറുണ്ടാക്കി. ഇന്നു ട്രാൻസ്പോർട്ടിലെ തൊഴിലാളികൾക്കു കൊടുത്തുകൊണ്ടിരിക്കുന്ന വേതനമെന്താണെന്നു ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പ്രസ്താവിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: കെ. എസ്. ആർ. ടി. സി. യിൽ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നത് 19 സ്കെയിലുകളാണ്. അതിൽ ഏറ്റവും ചെറിയ സ്കെയിൽ 270–465 ആണ്. ഏറ്റവും കൂടിയത് 600–1052 എന്നുള്ളതാണ്. യൂണിയനുകളുമായി ചർച്ച ചെയ്തു ഒരു ധാരണയിലെത്തിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ഏറ്റവും ചുരുങ്ങിയ സ്കെയിൽ 550–395 ഉം ഏറ്റവും കൂടിയത് 1050–2100 ഉം ആണ്. ഇടക്കാലാശ്വാസം 50 രൂപ കൊടുത്തിട്ടുണ്ട്. ഇതുമൂലം ഒരു തൊഴിലാളിയെ സംബന്ധിച്ചിടത്തോളം 100 രൂപ മുതൽ 500 രൂപ വരെ 'എൻഹാൻസ്മെൻറ്' ഉണ്ടാകുമെന്നാണ് കാണുന്നത്.

ശ്രീ. നാലകത്ത് സൂപ്പി: കെ. എസ്. ആർ. ടി. സി. യിലെ ജീവനക്കാർക്ക് യൂണിഫോം വിതരണം ചെയ്തിട്ടില്ലെന്നുള്ള വസ്തുത കണക്കിലെടുത്തു ഈ കൊല്ലമെങ്കിലും അതു വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: സാമ്പത്തിക പരിമിതി മൂലമാണ് കൊടുക്കാൻ കഴിയാതിരുന്നത്. ഏതായാലും യൂണിഫോമിന് ഓർഡർ കൊടുക്കുകയും അതു ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ലോനപ്പൻ നമ്പാടൻ: 5009 റിസർവ്വ് കണ്ടക്ടർമാരുടെ പി. എസ്. സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ 400 പേരെ താൽക്കാലികമായി നിയമിച്ചത് തെറ്റാണെന്നും ഇപ്പോൾ 1500 പേരെ പിരിച്ചുവിടണമെന്നും പെറ്റീഷൻസ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടോ? ഇതു സംബന്ധിച്ചു സമരം ചെയ്തവർക്ക് എന്തു ഉറപ്പു നൽകിയാണ് സമരം പിൻവലിപ്പിച്ചതെന്നും പറയാമോ?

ശ്രീ. പി. കെ. വേലായുധൻ: അതു ഈ ചോദ്യവുമായി ബന്ധമില്ലാത്തതാണ്. എനിക്ക് കിട്ടിയിട്ടുള്ള രേഖകൾ വച്ചു അതിന് ഇപ്പോൾ ഉത്തരം പറയാൻ സാധിക്കുകയില്ല. അതിന് സമയം വേണം.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: 1982–ൽ പുതുക്കേണ്ട ശമ്പള പരിഷ്കരണം 1986 ആയിട്ടും പുതുക്കിയിട്ടില്ല. മന്ത്രി തന്നെ പറഞ്ഞു 57 കോൺഫറൻസുകൾ നടത്തിയിട്ടും തീരുമാനമായിട്ടില്ലെന്ന്. 27 ശതമാനം മാത്രം പ്രാതിനിധ്യമുള്ള യൂണിയനുമായി മാത്രം ചർച്ച ചെയ്തു ഒരു പരിസമാപ്തിയിലെത്താൻ സാധിക്കുകയില്ല, നിയമ സാധുതയുണ്ടാകുകയില്ല എന്നും പറഞ്ഞതിന്റെയടിസ്ഥാനത്തിൽ ഇനിയും വളരെയേറെ കാലതാമസമുണ്ടാകുമെന്ന കാര്യം പരിഗണിച്ച് ട്രാൻസ്പോർട്ട് തൊഴിലാളികൾക്ക് ഒരു ഇൻറിം റിലീഫ് അടിയന്തിരമായി കൊടുക്കുവാൻവേണ്ട നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: ജൂലൈ 31—നകം ഒരു തീരുമാനത്തിൽ എത്തണമെന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിനുശേഷം ഇതു പരിശോധിക്കാവുന്നതാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: മാനേജുമെന്റും യൂണിയനും തമ്മിലുള്ള സംഭാഷണങ്ങളും നീണ്ടുപോകുന്ന സാഹചര്യത്തിൽ, പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം കിട്ടിയ ഉദ്യോഗസ്ഥൻമാർക്ക് നിലവിലിരിക്കുന്ന വ്യവസ്ഥയനുസരിച്ചു 240 ഡ്യൂട്ടി കഴിയുമ്പോൾ അവരെ സ്ഥിരപ്പെടുത്തണമെന്നുണ്ട്. ഈ സംഭാഷണം ഒത്തു തീർപ്പിലെത്താത്ത സാഹചര്യത്തിൽ അവരെ സ്ഥിരപ്പെടുത്തുമോ? ഇന്നും ഡെയിലിവേജസ് പോലെ ദിവസക്കൂലിക്ക് അവര ജോലി ചെയ്യുകയാണ്. മൂന്നും നാലും വർഷമായിട്ടും ഇതുവരെ അവരെ സ്ഥിരപ്പെടുത്താത്ത സാഹചര്യം കണക്കിലെടുത്തു അടിയന്തിരമായി ഈ ബെയ്സിക്കൽ പ്രിൻസിപ്പലെങ്കിലും നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ഇതൊക്കെ ഇതിന്റെ പരിധിയിൽ വരുന്നതാണ്. ഇതിന്റെ എഗ്രിമെന്റായിക്കഴിയുമ്പോൾ ഈ പറയുന്ന തൊഴിലാളികൾക്ക് പ്രൊട്ടക്ഷൻ കിട്ടുന്നതാണ്. കഴിഞ്ഞ എഗ്രിമെന്റുകളിലൊന്നും ഈ തൊഴിലാളികളെ, സംബന്ധിച്ചിടത്തോളം വെയിറ്റേജില്ലായിരുന്നു. ഇപ്പോൾ പുതിയ എഗ്രിമെന്റിൽ ഒരു ധാരണയിലെത്തിയിട്ടുണ്ട്. ഒരു ദിവസത്തെ സർവ്വീസെങ്കിലും കെ. എസ്. ആർ. ടി. സി. യിലുള്ള തൊഴിലാളികൾക്ക് വെയിറ്റേജ് കൊടുക്കുന്ന പുതിയ തീരുമാനമുണ്ടാകും.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ ചേരൻ, പല്ലവൻ ട്രാൻസ്പോർട്ടിലെ ജീവനക്കാർക്ക് ലഭിക്കുന്ന സേവന—വേതന വ്യവസ്ഥകൾ ഇവിടെയും നൽകുവാൻ ഈ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. കെ. വേലായുധൻ: കെ. എസ്. ആർ. ടി. സി. യുടെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് നമ്മൾ ഇക്കാര്യങ്ങൾ ചെയ്യുന്നത്.

ശ്രീ. ഇ. പത്മനാഭൻ: 57 തവണ ചർച്ച നടത്തിയിട്ടും തീരുമാനമായില്ലെന്നു പറഞ്ഞു. ഓരോ പൊതുമേഖലാസ്ഥാപനങ്ങളിലും എത്രയോ എഗ്രിമെന്റുകൾ ഈ രാജ്യത്ത് നടക്കുന്നു. 1976—നു ശേഷം 10 വർഷമായിട്ട് ഈ തൊഴിലാളികളുടെ വേതനവ്യവസ്ഥകൾ പരിഷ്കരിച്ചിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. തൊഴിലാളികൾ മാനേജുമെന്റിന്റെ മുമ്പിൽവച്ച ഏതെങ്കിലും ഡിമാൻഡിനെപ്പറ്റി തർക്കമുണ്ടായിട്ട് ഒരു എഗ്രിമെന്റ് നീണ്ടുപോകുന്നത് ഞാൻ കേട്ടിട്ടില്ല. ഇവിടെ മുതലാളിമാർ അല്ലെങ്കിൽ മാനേജുമെന്റാണ് ഗവൺമെന്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ തൊഴിലാളികളോട് ഡിമാൻഡ് വയ്ക്കുന്നത്. അവരുടെ ഹോളിഡേ കുറയ്ക്കണം. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള ഹോളിഡേ ഇവർക്ക് പാടില്ലെന്നാണ്, ഡിമാൻഡ് വച്ചിരിക്കുന്നത്. സെക്കൻഡ് സാറ്റർഡേ മറ്റ് പൊതുമേഖലാസ്ഥാപനങ്ങളിൽ ഹോളിഡേയാണ്. അതു എടുത്തു മാറ്റണമെന്നാണ് ഒരു ആവശ്യം. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ ഡയറക്ട് റിക്രൂട്ട്മെൻറ്. ഈ രീതിയിലുള്ള ഡയറക്ട് റിക്രൂട്ട്മെൻറ് വേറെയെവിടെയെങ്കിലും കാണുന്നുണ്ടോ? ജീവനക്കാർ അനുഭവിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കണമെന്നുള്ള ഡിമാൻഡാണ് അവിടെ വച്ചത്. ഈ മൂന്നു കാര്യങ്ങളിലാണ് തർക്കമുണ്ടായത്. ഇതു മൂന്നും തൊഴിലാളികൾ വച്ച ഡിമാൻഡല്ല. നിങ്ങൾ വച്ച ഡിമാൻഡാണ്. അതുകൊണ്ട് അംഗീകൃത കാര്യങ്ങളുമായി എഗ്രിമെൻറുണ്ടാക്കി മുന്നോട്ടു പോകുവാൻ നടപടി എടുക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ചർച്ചയിലിരിക്കുന്ന കാര്യങ്ങളാണ്; തർക്കമുള്ള വിഷയങ്ങളാണ്; മന്ത്രിയെന്ന നിലയിൽ ഇപ്പോൾ അതിന് ഒരു മറുപടി പറയുന്നത് ഉചിതമാണെന്നു എനിക്ക് തോന്നുന്നില്ല. എന്തായാലും ജൂലൈ 31-നകം ചർച്ചകൾക്ക് ഒരു വിരാമമിടണം, ഒരു തീരുമാനമുണ്ടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിനുശേഷം ഗവൺമെൻറ് ഇടപെടേണ്ടതാണെങ്കിൽ ഗവൺമെൻറ് ഇടപെട്ടു നടപടി സ്വീകരിക്കും.

ശ്രീ. എ. കെ. പത്മനാഭൻ: 57 തവണ തൊഴിലാളികളുമായി ചർച്ച നടത്തിയെന്നു പറഞ്ഞു. മാനേജ്മെൻറ് തൊഴിലാളികളെ കരുതിക്കൂട്ടി ഉപദ്രവിക്കുകയാണെന്നും തൊഴിലാളികൾക്ക് അർഹമായ ആനുകൂല്യങ്ങൾപോലും നിഷേധിക്കുകയാണെന്നും ഒരു ഘരാതി തൊഴിലാളികളുടെയിടയിലുണ്ട്. ഉദാഹരണത്തിന് ജഗജ്ജീവൻറാം മരിച്ച ദിവസം, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഒഴിവ് കൊടുത്തപ്പോൾ കെ. എസ്. ആർ. ടി. സി. യിൽ ഒഴിവ് കൊടുത്തില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി തന്നെ മുൻകൈയെടുത്തു തൊഴിലാളി യൂണിയനുകളുമായി ചർച്ച ചെയ്തു അവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് ഒരു ഒത്തുതീർപ്പുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ഞാൻ നേരത്തെ പറഞ്ഞതുപോലെ ജൂലൈ 31-ന് ശേഷമേ ഗവൺമെൻറ് ഇടപെടാൻ ആഗ്രഹിക്കുന്നുള്ളൂ.

ശ്രീ. വി. ദിനകരൻ: കെ. എസ്. ആർ. ടി. സി. യിലെ റഫറണ്ടത്തിന് ശേഷം 73 ശതമാനം ജീവനക്കാരുടെ പ്രതിനിധികളെ പുറത്തു നിർത്തിക്കൊണ്ട് വെറും 27 ശതമാനം ജീവനക്കാരുടെ പ്രതിനിധികളുമായിട്ട് മാത്രമാണ് ചർച്ച നടത്തിയത്. ആ ചർച്ചയുടെ അടിസ്ഥാനത്തിലുണ്ടാകുന്ന കരാർ 73 ശതമാനം വരുന്ന ജീവനക്കാരെക്കൊണ്ട് അംഗീകരിപ്പിക്കാൻ സാധിക്കുമെന്നു ഗവൺമെൻറ് വിശ്വസിക്കുന്നുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: അതൊക്കെ തൊഴിലാളികളുടെ തീരുമാനമാണ്. ഗവൺമെൻറിന് തൊഴിലാളികളുടെ തീരുമാനം പറയാൻ ഒക്കുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആധുനിക വ്യവസായ മാനേജ്മെൻറിനെക്കുറിച്ച് ശാസ്ത്രീയമായ വിജ്ഞാനം ലഭിക്കാത്തവരെ എം. ഡി. പോലുള്ള ഉന്നതസ്ഥാനങ്ങൾ ഏൽപ്പിച്ചതിൻറെ ഫലമായിട്ട് കെ. എസ്. ആർ. ടി. സി. യിൽ പുതിയ കരാറുകൾ ഉണ്ടാക്കുന്നതിന് വൈകുന്നുവെന്ന ആക്ഷേപം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും തമ്മിലൊരു ധാരണയിലെത്താത്തതുകൊണ്ടുമാത്രമാണ്.

ശ്രീ. സി.കെ. തങ്കപ്പൻ: - കെ. എസ്. ആർ. ടി. സി. യുടെ കീഴിൽ ഉള്ള ജീവനക്കാരും തൊഴിലാളികളും എത്രയാണെന്ന് അങ്ങ് പരിശോധിച്ചിട്ടുണ്ടോ? അവരുടെ ഇടയിൽ നിലവിലുള്ള സംഖ്യ പരിശോധിച്ചിട്ട് ഹരിജനങ്ങൾക്ക് സംവരണത്തിന്റെ അടിസ്ഥാനത്തിൽ അവകാശപ്പെട്ട പോസ്റ്റുകൾ ഇല്ലെന്നുള്ള വ്യാപകമായ പരാതി പൊന്തിവന്നിട്ടുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വസ്തുതകളെന്താണെന്ന് വെളിപ്പെടുത്തുമോ?

ശ്രീ. പി. കെ. വേലായുധൻ: കെ. എസ്. ആർ. ടി. സി. യിലുള്ള മൊത്തം ജീവനക്കാരുടെ എണ്ണം അവിടെയുള്ള പട്ടികജാതി—പട്ടികവർഗ്ഗക്കാരുടെ എണ്ണവും തമ്മിൽ നോക്കുമ്പോൾ പട്ടികജാതിക്കാർക്ക് എട്ടു ശതമാനവും പട്ടികവർഗ്ഗക്കാർക്ക് രണ്ടു ശതമാനവും കൊടുക്കേണ്ടതു പൂർണ്ണമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം റാങ്ക് ലിസ്റ്റിൽ നിൽക്കുന്ന റിസർവ്വ് കണ്ടക്ടർമാരെ നിയമിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വർക്ക് അസസ്മെന്റിനെ സംബന്ധിച്ചിടത്തോളം ഐ. റ്റി. ഐ., നോൺ ഐ. റ്റി. ഐ. എന്നിവയെ സംബന്ധിച്ചിടത്തോളം ഒരു കേസ് ഹൈക്കോടതിയിൽ ഉണ്ടായിരുന്നു. അതിൽനിന്നും ഒരു ഡയറക്ഷൻ വന്നിട്ടുണ്ട്. ബുദ്ധിമുട്ടുകളെല്ലാം പരിഹരിച്ചുകൊണ്ട് നിയമന നടപടികളും സ്വീകരിക്കുകയാണ്. അതുമാത്രമല്ല, ആഗസ്റ്റ് ഒന്നാംതീയതി കെ.എസ്. ആർ. ടി. സി. യുടെ ചെയർമാൻ; ട്രാൻസ്പോർട്ട് സെക്രട്ടറിയും ഞാൻ ചെയർമാനായിട്ടുള്ള റിവ്യൂ കമ്മിറ്റിയും ചേർന്ന് ഇതിന് ഫലപ്രദമായ നടപടികളും സ്വീകരിക്കാൻ നടപടിയെടുക്കുന്നതാണ്.

പരമ്പരാഗത വ്യവസായ തൊഴിലാളി ക്ഷേമനിധി

* 300 [441] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, കെ. പി. എ. മജീദ്:
,, എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ:
,, സി. റ്റി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ തൊഴിലാളി ക്ഷേമനിധിയിലേക്ക് വിഹിതം സ്വരൂപിക്കുന്നത് ആരിൽനിന്നെല്ലാമാണ്;

(ബി) ക്ഷേമനിധിയിൽനിന്നും സഹായം ലഭിക്കുന്നത് ആർക്കെല്ലാമാണ്;

(സി) നാളിതുവരെ എത്രപേർക്ക് എന്തു തുക സഹായമായി നൽകി?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) കശുവണ്ടി, കയർ, കൈത്തറി എന്നീ പരമ്പരാഗത വ്യവസായങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കായുള്ള ക്ഷേമനിധികളും ഇപ്പോൾ പൂർണ്ണമായും സർക്കാർ വിഹിതം കൊണ്ടാണ് നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly